**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3115** **11-03-2025 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സോയിൽ ടെസ്റ്റ് മുതൽ സ്ട്രക്ച്ചറൽ ഡിസൈൻ വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ രണ്ടുവർഷംവരെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് കെട്ടിടനിർമ്മാണത്തിൽ ഡിസൈൻ കാലതാമസം കൂടാതെ നിർവ്വഹിക്കുന്നതിന് ഏകോപിതമായ<br>പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഡിസൈൻ, ആർക്കിടെക്ചർ, കെട്ടിട വിഭാഗം ഉദ്യോഗസ്ഥരുടെ ഏകോപനം ഉറപ്പാക്കിയാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. എന്നാൽ കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിലോ, തടസ്സരഹിതമായ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിലോ ഡിസൈൻ പ്രവൃത്തികൾ വൈകാറുണ്ട്. ക്ലൈന്റ് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശാനുസരണം ആർക്കിടെക്ചറൽ ഡ്രോയിംഗിൽ മാറ്റം വരുത്തേണ്ടി വരുന്ന ഘട്ടങ്ങളിലും കാലതാമസം ഉണ്ടാകാറുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് പ്രവൃത്തി വേഗത്തിലാക്കാൻ ഇടപെടാറുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീരുമേട് കെട്ടിട വിഭാഗത്തിന് കീഴിൽ PWD ഫണ്ട് അനുവദിച്ച് നടപ്പിലാക്കിയതും നടപ്പാക്കുന്നതുമായ പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. തേക്കടി ഐ.ബി യുടെ പുനരുദ്ധാരണ പ്രവൃത്തികൾ - Rs. 60 ലക്ഷം<br>2. കുട്ടിക്കാനം ഐ.ബി യുടെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം - Rs. 180 ലക്ഷം<br><br>3. PWD സ്റ്റാഫ് ക്വാർട്ടേഴ്സ് നം. 235 ന്റെ പുനർ നിർമ്മാണം - Rs. 32 ലക്ഷം<br><br>4. PWD സ്റ്റാഫ് ക്വാർട്ടേഴ്സ് കുമിളിയുടെ നിർമ്മാണം - Rs. 210 ലക്ഷം<br><br><u>മറ്റ് വകുപ്പുകളുടെ പ്രധാന പ്രവൃത്തികൾ</u> |

| | | | |
|---|---|---|---|
| | | | 1. കമ്മ്യൂണിറ്റി സെന്റർ റോസാപ്പൂക്കണ്ടം, കുമിളിയുടെ നിർമ്മാണം - Rs. 41.30 ലക്ഷം<br><br>2. ഗവ. THS വഞ്ചിവയൽ - വള്ളക്കടവിന്റെ നിർമ്മാണം- Rs. 100 ലക്ഷം<br><br>3. Govt. ITI ഏലപ്പാറയുടെ നിർമ്മാണം - Rs. 601.80 ലക്ഷം<br><br>4. ഗവ. HS ചെമ്മണ്ണ്, ഏലപ്പാറയുടെ ഇൻഫ്രാ സ്ട്രക്ചറൽ ഡെവലപ്പ്മെന്റ്- RS.300 ലക്ഷം<br><br>5. IHRD അപ്ലൈഡ് സയൻസ്, പീരുമേട് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് & ലാബ് നിർമ്മാണം- Rs. 100 ലക്ഷം<br><br>6. ഗവ. ട്രൈബൽ UP School,കുമിളിയുടെ നിർമ്മാണം -Rs.37.6ലക്ഷം<br><br>7. ഗവ. പോളിടെക്നിക്ക് കോളേജ് വണ്ടിപ്പെരിയാർ പുതിയ ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണം - Rs. 350 ലക്ഷം<br><br>8. വെറ്റിനറി പോളി ക്ലിനിക്കിന്റെ നിർമ്മാണം- Rs. 75 ലക്ഷം<br><br>7. വെറ്റിനറി ഹോസ്പിറ്റൽ, പെരുവന്താനം - Rs. 60 ലക്ഷം<br><br>8. IHRD കോളേജ് അപ്ലൈഡ് സയൻസ്, പീരുമേട് അക്കാഡമിക് ബ്ലോക്ക് ഒന്നാം നിലയുടെ നിർമ്മാണം -Rs. 100 ലക്ഷം<br><br>9. NCC Cadets Training- Runway and Hanger Unit- ഫണൽ കട്ടിംഗ്-Rs. 191 ലക്ഷം<br><br>10. • NCC Cadets Training- Runway and Hanger Unit - phase II അപ്രോച്ച് റോഡിന്റെ നിർമ്മാണം - Rs. 251 ലക്ഷം |

സെക്ഷൻ ഓഫീസർ